(ബി) എങ്കിൽ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആശുപത്രിയ്ക്ക് ആവശ്യമായ ഉപകരണങ്ങളും സ്റ്റാഫിനെയും എന്നത്തേക്ക് അനുവദിച്ച് ഉത്തരവ് ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഏതൊക്കെ സർക്കാർ ആയുർവേദ ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തണം എന്നത് സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളിലെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക

165 (1653)ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. നാലകത്ത് സൂപ്പി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തിക നിലവിലില്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ;

(ബി) ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക എല്ലാ പഞ്ചായത്തുകളിലും നിർബന്ധമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ല

തിരുവനന്തപുരം ജില്ലയിൽ നാലു പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഇല്ല. 1. പള്ളിക്കൽ 2. കടകംപള്ളി 3. കഴക്കൂട്ടം 4. അഞ്ചുതെങ്ങ്. മണമ്പൂർ, പെരുംകടവിള, പൂവാർ, തെളിക്കോട്, വക്കം എന്നീ പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർക്ക് പകരം ഹെൽത്ത് സൂപ്പർവൈസർ തസ്തികയാണ് ഉള്ളത്.

കൊല്ലം ജില്ല

10 പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഇല്ല. 1. കൊറ്റങ്ങര 2. വെളിയം 3. കുന്നത്തൂർ 4. മൈലം 5. പേരയം 6. ശൂരനാട് 7. തൊടിയൂർ 8. ഈസ്റ്റ് കല്ലട 9. വെസ്റ്റ് കല്ലട 10. മേലില.

പത്തനംതിട്ട ജില്ല

12 പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഇല്ല. 1. നാരങ്ങാനം 2. ഓമല്ലൂർ 3. മല്ലപുഴശ്ശേരി 4. തോട്ടപുഴ

ശ്ശേരി 5. കൊറ്റനാട് 6. പുറമറ്റം 7. കുറ്റൂർ 8. നെടുമ്പ്രം 9. കടപ്ര 10. റാന്നിതങ്ങാടി 11. നാറാണംമൂഴി 12. കോഴഞ്ചേരി

ആലപ്പുഴ ജില്ല

എല്ലാ പഞ്ചായത്തുകളിലും ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക നിലവിലുണ്ട്.

ഇടുക്കി ജില്ല

വട്ടവട, കാന്തല്ലൂർ, നരിയാപുരം, സേനാപതി, ഇടവെട്ടി, അലയ്ക്കോട്, കരിംകുന്നം, കുടയത്തൂർ ഈ പഞ്ചായത്തുകളുടെ പബ്ലിക് ഹെൽത്ത് അടുത്തുള്ള പി.എച്ച്.സി. കളിൽ പ്രവർത്തിക്കുന്നു. എല്ലാ പഞ്ചായത്തുകളിലും ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ഇപ്പോൾ ലഭ്യമാണ്.

കോട്ടയം ജില്ല

12 പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തിക ഇല്ല. 1. കൊഴുവന 2. കരിക്കാട്ടൂർ 3. മുത്തോലി 4. ടി.വി.പുരം 5. പായിപ്പാട്ട് 6. പെരുവ 7. തിക്കോയി 8. കല്ലറ 9. കൂരോപ്പട 10. പള്ളിക്കത്തോട് 11. മുസിലവ് 12. തിടനാട്

എറണാകുളം ജില്ല

എല്ലാ പഞ്ചായത്തുകളിലും ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ നിലവിലുണ്ട്.

തൃശൂർ ജില്ല

14 പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക നിലവിലില്ല. 1. പറപൂക്കര 2. കക്കാട് 3. വള്ളത്തോൾ നഗർ 4. അടാട്ട് 5. അയ്യന്തോൾ 6. തളിക്കുളം 7. വെള്ളാണിക്കര 8. ഒരുമനയൂർ 9. ചൊവ്വണ്ണൂർ 10. ഊക്കോട് 11. കടങ്ങോട് 12. മുണ്ടത്തിക്കോട് 13. പടിഞ്ഞാറെ വെമ്പല്ലൂർ 14. ആർത്താറ്റ്

പാലക്കാട് ജില്ല

21 പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തിക ഇല്ല. 1. പുതുനഗരം 2. പട്ടാംചേരി 3. പൊൽപുള്ളി 4. മേലാർക്കോട് 5. പുതുക്കോട് 6. കുലുക്കല്ലൂർ 7. പടിത്തറ 8. മുതുതല 9. വിളയൂർ 10. വണ്ടാഴി 11. പിരയിരി 12. വാണിയംകുളം 13. അകത്തേത്തറ 14. തിരുവേഗപ്പുറ 15. ആനക്കുകട്ടി 16. കാപ്പൂർ 17. വടവക്കൂർ 18. മലമ്പുഴ 19. തച്ചംപാറ 20. കോട്ടേപാടം 21. മങ്കര.

മലപ്പുറം ജില്ല

14 പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഇല്ല. 1. തേഞ്ഞിപ്പാലം 2. എടരിക്കോട് 3. ഒതുക്കുങ്ങൽ 4. മൂർക്കനാട് 5. പാങ്ങ 6. കോട്ടൂർ 7. മക്കരപറമ്പ് 8. എടക്കര 9. പൂക്കോട്ടൂർ 10. കുഴിമണ്ണ 11. കീഴുപറമ്പ് 12. ആതവനാട് 13. ഇരുമ്പളിയം 14. ഊരകം.

കോഴിക്കോട് ജില്ല

LIBRARY ARCHIVES Kerala Legislative Assembly

19 പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയില്ല. 1. കൂത്താളി 2. പന്നികോട്ടൂർ 3. വേല് 4. ഓമശ്ശേരി 5. ചെങ്ങരോത്ത് 6. മച്ചാട് 7. മടവൂർ 8. കായെണ്ണ 9. പറങ്ങോട് 10. പെരുവയൽ 11. പെരിങ്ങോട്ട് കാവ് 12. ഇടശ്ശേരി 13. കായക്കൊടി 14. കീഴരിയൂർ 15. കിഴക്കോട്ട് 16. മടപ്പള്ളി 17. മൂടാടി 18. തുണേരി 19. വയല. പൊതു ജന താൽപര്യം പ്രമാണിച്ച് മേൽ പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാണ്.

വയനാട് ജില്ല

19 പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഇല്ല. 1. അമ്പലവയൽ 2. എടവക 3. മീനങ്ങാടി 4. മേപ്പാടി 5. മുള്ളംകൊല്ലി 6. നെൻമേനി 7. പടിഞ്ഞാറെത്തറ 8. പനമരം 9. പൂതാടി 10. പഴുതന 11. നൂൽപുഴ 12. കരിയോട് 13. തവിഞ്ഞാൽ 14. തിരുനെല്ലി 15. വെള്ളമുണ്ട 16. വൈത്തിരി 17. മുട്ടിൽ 18. കോട്ടത്തറ 19. വേണ്ടപ്പള്ളി. സുൽത്താൻ ബത്തേരി, പുൽപ്പള്ളി, മാനന്തവാടി എന്നിവിടങ്ങളിൽ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയാണുള്ളത്.

കണ്ണൂർ ജില്ല

ജില്ലയിൽ 81 പഞ്ചായത്തുകളിലായി 72 ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുണ്ട്. കുഞ്ഞിമംഗലം, മാട്ടൂർ, കരിവള്ളൂർ, കാങ്കോൽ, ആലപ്പടമ്പ്, എരമംകുറ്റൂർ, പട്ടുവം, ചെറുകുന്ന്, ചെങ്ങളായി, നാറാത്ത്, മലപട്ടം, കൊളച്ചേരി, പള്ളിക്കുന്ന്, കോട്ടയം മലബാർ, വളപട്ടണം, അഞ്ചരക്കണ്ടി, ചേലോറ, പെരിങ്ങളം, ന്യൂമാഹി, മൊകേരി, വേങ്ങാട്, കീഴനല്ലൂർ, തില്ലങ്കേരി, മാലൂർ, പേരാവൂർ എന്നീ പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ചാർജ് നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ല

6 പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയില്ല. 1. വലിയപറമ്പ് 2. പീലിക്കോട് 3. മനൂർ 4. കാരടുക്ക 5. ഷേങ്ങല 6. ദേലംപാടി.

(ബി) തല്ക്കാലം പരിഗണനയിൽ ഇല്ല.

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ തസ്തിക

166(1654)ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ തസ്തിക എന്നുമുതൽ ഒഴിഞ്ഞു കിടക്കുന്നുവെന്ന് അറിയിക്കുമോ;

(ബി) ഈ തസ്തികയിൽ നിയമനം നടത്താത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ അടിയന്തിരമായി നിയമിക്കുവാൻ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly